വിഴിഞ്ഞത്തുള്ള മറൈൻ അക്വേറിയവും സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രവും

6 [*117] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ബി. വിജയകുമാർ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മറൈൻ അക്വേറിയവും സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രവും അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ നിയോഗിച്ച പഞ്ചവൽസര അവലോകന സമിതി ഈ സ്ഥാപനത്തിന്റെ സമഗ്ര വികസനത്തിന് ശുപാർശ ചെയ്തിരിക്കെ അത് അടച്ചു പൂട്ടുവാനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ നിയോഗിച്ച പഞ്ചവൽസര അവലോകന സമിതി, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ അവയുടെ പ്രാദേശിക കേന്ദ്രങ്ങളുമായി ലയിപ്പിച്ചുള്ള സമഗ്ര വികസന മാണ് ശുപാർശ ചെയ്തത്. പ്രാദേശിക കേന്ദ്രങ്ങളിൽ മതിയായ ഗവേഷണ സൗകര്യ ങ്ങൾ ലഭ്യമായതിനാലും ഗവേഷണ പ്രവർത്തനങ്ങൾക്ക് സമഗ്രത കൈവരുത്തി ആക്കം കൂട്ടുവാനുമാണ് ഇങ്ങനെ ചെയ്തത് എന്ന് എറണാകുളത്തുള്ള സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അറിയിക്കുകയുണ്ടായി.

കുട്ടികളെ തട്ടിക്കൊണ്ടുപോയി കൊല്ലുന്ന സംഭവം

7 [*118] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
,, പിരപ്പൻകോട് മുരളി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂറുകണക്കിന് കുട്ടികളെ തട്ടിക്കൊണ്ട് പോവുകയും അവരെ കൊലപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനും കുട്ടികളെ തട്ടിക്കൊണ്ട് പോകുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെ ടുത്തുമോ;

(സി) കുട്ടികളെ കാണാതായതിനെ സംബന്ധിച്ചും കുട്ടികളെ കൊലപ്പെടുത്തി യത് സംബന്ധിച്ചും ഏതെല്ലാം കേസുകളാണ് സി. ബി. ഐ.-ക്ക് വിട്ടിട്ടുള്ളതെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly